**നിയമനിർമ്മാണകാര്യം**

2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. വി. ഡി. സതീശൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ 1 എ നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. ജെയിംസ് മാത്യുവിന് ബിൽ സെലക്ട് കമ്മിറ്റിക്ക്

അയയ്ക്കണമെന്ന 2 'ബി' നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഗീത ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയന് ഭേദഗതിയെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു, അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 2 ബി നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.